## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 2818 17.06.2019 -ൽ മറുപടിക്ക്

## വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റുകളുടെ പ്രവർത്തനം

**ചോദ്യം**

ശ്രീ.എ.എൻ.ഷംസീർ
ശ്രീ.കെ.വി.അബ്ദുൾ ഖാദർ
ശ്രീ.എം.മുകേഷ്
ശ്രീ.ആന്റണി ജോൺ

**ഉത്തരം**

ശ്രീ. ടി.പി. രാമകൃഷ്ണൻ
(തൊഴിലും എക് സൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | അഭ്യസ്തവിദ്യരായ തൊഴിൽരഹിതരെ അവരുടെ അഭിരുചിക്കനുസരിച്ച് വൈദഗ്ധ്യം നൽകി തൊഴിലിനു പ്രാപ്തരാക്കാനായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ എംപ്ലോയബിലിറ്റി സെന്റർ ആക്കുന്ന പ്രവർത്തനങ്ങളുടെ പുരോഗതി അറിയിക്കാമോ; പരിശീലനത്തിനായി രജിസ്റ്റർ ചെയ്ത എല്ലാവർക്കും പരിശീലനം ലഭ്യമാക്കാനായിട്ടുണ്ടോ; | (എ) | അഭ്യസ്തവിദ്യരായ തൊഴിൽരഹിതരെ അവരുടെ അഭിരുചിക്കനുസരിച്ച് വൈദഗ്ധ്യം നൽകി തൊഴിലിന് പ്രാപ്തരാക്കാനായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ എംപ്ലോയബിലിറ്റി സെന്റർ ആക്കുന്ന പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാനത്ത് കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ പത്ത് ജില്ലകളിലെ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പം എംപ്ലോയബിലിറ്റി സെന്റർ ആരംഭിച്ചിട്ടുണ്ട്. ഇടുക്കി ജില്ലയിൽ എംപ്ലോയബിലിറ്റി സെന്റർ ആരംഭിക്കുന്നതിനു സ്ഥലം അനുവദിച്ച് ഉത്തരവായിട്ടുണ്ട്. അതിന്റെ ഉടമസ്ഥാവകാശം വകുപ്പിന് കൈമാറുന്നതിലേക്കുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. തിരുവനന്തപുരം ജില്ലയിൽ എംപ്ലോയബിലിറ്റി സെന്റർ ആരംഭിക്കുന്നതിന് കടകംപള്ളി ആസ്ഥാനമായി ആരംഭിക്കുന്ന മിനി സിവിൽ സ്റ്റേഷനിൽ സ്ഥലം ലഭ്യമാക്കാമെന്ന് അറിയിച്ചിട്ടുണ്ട്. ശേഷിക്കുന്ന വയനാട്, പത്തനംതിട്ട ജില്ലകളിൽ എംപ്ലോയബിലിറ്റി സെന്ററുകൾ ആരംഭിക്കുന്നതിന് അനുയോജ്യ-മായ സ്ഥലം കണ്ടെത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. എംപ്ലോയബിലിറ്റിസെന്ററുകളിൽ |

| | | | |
|---|---|---|---|
| | | | രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗാർത്ഥികളിൽ പരിശീലനം ആവശ്യമായിട്ടുള്ളവർക്ക് ആയത് ലഭ്യമാക്കിയിട്ടുണ്ട്. |
| (ബി) | ഗ്രാമ പ്രദേശങ്ങളിലെ യുവജനങ്ങൾക്ക് വിദ്യാഭ്യാസ മേഖലയിലെയും തൊഴിൽ മേഖലയിലെയും പുതിയ പ്രവണതകൾ മനസിലാക്കിക്കൊടുക്കുന്നതിനും ആവശ്യാനുസരണമുള്ള പരിശീലനം വഴി തൊഴിലിനു പ്രാപ്തരാക്കുന്നതിനും ചെയ്തു വരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; | (ബി) | ഗ്രാമപ്രദേശങ്ങളിലെ യുവജനങ്ങൾക്ക് വിദ്യാഭ്യാസമേഖലയിലെയും തൊഴിൽ മേഖലയിലെയും പുതിയ പ്രവണതകൾ മനസ്സിലാക്കിക്കൊടുക്കുന്നതിനും ആവശ്യാനുസരണമുള്ള പരിശീലനം വഴി തൊഴിലിന് പ്രാപ്തരാക്കുന്നതിനും ഉന്നത വിദ്യാഭ്യാസവും അനുയോജ്യമായ തൊഴിലും നേടിയെടുക്കുവാൻ സഹായിക്കുന്നതിനുമായി നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിന് കീഴിൽ കരിയർ ഡെവലപ്മെന്റ് സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര, പാലോട്, ആലപ്പുഴ ജില്ലയിലെ കായംകുളം, പാലക്കാട് ജില്ലയിലെ ചിറ്റൂർ, കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര എന്നിവിടങ്ങളിൽ കരിയർ ഡെവലപ്മെന്റ് സെന്ററുകൾ പ്രവർത്തിച്ച് വരുന്നുണ്ട്. ആധുനികമായ സാങ്കേതിക വിദ്യയും നവീനമായ കരിയർ ഡെവലപ്മെന്റ് ആശയങ്ങളും സമന്വയിപ്പിച്ചുകൊണ്ടു ഉദ്യോഗാർത്ഥികൾക്ക് കരിയർ സംബന്ധമായ ഏതു പ്രശ്നത്തിനും ഔപചാരിക പരിഹാരം നൽകുന്ന ഒരു കേന്ദ്രമാണ് കരിയർ ഡെവലപ്മെന്റ് സെന്റർ. വ്യക്തിഗത മാർഗ്ഗനിർദ്ദേശം, ഗ്രൂപ്പ് കൗൺസിലിങ്, കരിയർ സെമിനാർ, മോട്ടിവേഷൻ ക്ലാസുകൾ, കരിയർ ഗൈഡൻസ് ക്ലാസുകൾ, മോക്ക് ഇന്റർവ്യൂ, മത്സരപരീക്ഷാ പരിശീലനങ്ങൾ, ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവേശനം ലഭിക്കുന്നതിനുള്ള പരിശീലന പരിപാടികൾ, ഗ്രൂപ്പ് ഡിസ്കഷൻ, തുടങ്ങി വിവിധ സേവനങ്ങൾ ഉദ്യോഗാർത്ഥികൾക്ക് നൽകി തൊഴിലിന് പ്രാപ്തരാക്കി വരുന്നുണ്ട്. |
| (സി) | വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റുകളുടെ പ്രവർത്തന വിപുലീകരണത്തിനായി എന്തെല്ലാം കാര്യങ്ങൾ നടപ്പിലാക്കുന്നുവെന്ന് അറിയിക്കാമോ; | (സി) | വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റുകളുടെ പ്രവർത്തന വിപുലീകരണങ്ങളുടെ ഭാഗമായി ഉദ്യോഗാർത്ഥികൾക്ക് അവരുടെ അഭിരുചിക്കനുസൃതമായ തൊഴിൽ തെരഞ്ഞെടുക്കുന്ന- |

| | | | |
|---|---|---|---|
| | | | തിനും തൊഴിൽ പരമായ പുരോഗതി കൈവരിക്കുന്നതിനും ആവശ്യമായ വിധത്തിൽ വിവിധ തൊഴിലവസരങ്ങളെക്കുറിച്ചും തൊഴിൽ നില, ഉപരിപഠനം, പരിശീലന സൗകര്യങ്ങൾ, സ്കോളർഷിപ്പുകൾ എന്നിവയെ കുറിച്ചു ഉദ്യോഗാർത്ഥികൾ, വിദ്യാർഥികൾ,രക്ഷിതാക്കൾ, സാമൂഹ്യസംഘടനാ പ്രവർത്തകർ എന്നിവർക്ക് ആവശ്യമായ വിവരങ്ങളും മാർഗ്ഗനിർദേശങ്ങളും നൽകുന്നതിനുമായി സംസ്ഥാനത്തെ 14 ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടും അനുബന്ധിച്ചുള്ള വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റുകൾ, സർവകലാശാലകളോടനുബന്ധി-ച്ചുള്ള 7 യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ & ഗൈഡൻസ് ബ്യൂറോകൾ എന്നിവ മുഖേന വൊക്കേഷണൽ ഗൈഡൻസ് പ്രവർത്തനങ്ങൾ നടന്നു വരുന്നു. മത്സരപരീക്ഷാ പരിശീലന പരിപാടികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ സന്ദർശിച്ച് കരിയർ സെമിനാർ, കരിയർ എക്സിബിഷനുകൾ, കരിയർ ടോക്ക് തുടങ്ങിയ വൊക്കേഷണൽ ഗൈഡൻസ് പ്രവർത്തനങ്ങൾ നിർവ്വഹിച്ച് വരുന്നു. സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ ഉദ്യോഗാർത്ഥികൾക്ക് ലഭ്യമാക്കുന്നതിന് മേഖലാടിസ്ഥാനത്തിൽ നിയുക്തി മെഗാജോബ് ഫെയറുകൾ സംഘടിപ്പിക്കുന്നുണ്ട്. കൂടാതെ വൊക്കേഷണൽ ഗൈഡൻസ് പ്രവർത്തന-ങ്ങളുടെ വിപുലീകരണത്തിന്റെ ഭാഗമായി ഉദ്യോഗാർത്ഥികൾക്ക് നൈപുണ്യ വികസന പരിശീലനം നൽകുന്നതിന് ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പം എംപ്ലോയബിലിറ്റി സെന്ററുകളും കരിയർ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിന് ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പം കരിയർ ഡെവലപ്മെന്റ് സെന്ററുകളും തിരുവനന്തപുരം യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ & ഗൈഡൻസ് ബ്യൂറോയോടൊപ്പം മോഡൽ കരിയർ സെന്ററും ആരംഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | സ്വകാര്യ മേഖലയിലെ തൊഴിൽ അവസരങ്ങൾ കണ്ടെത്തി തൊഴിലന്വേഷകർക്ക് അവ ലഭ്യമാക്കുന്നതിന് പദ്ധതിയുണ്ടോ? | (ഡി) | സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ കണ്ടെത്തി തൊഴിലന്വേഷകർക്ക് അവ ലഭ്യമാക്കുന്നതിന് നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് വർഷം തോറും മേഖലാടിസ്ഥാനത്തിൽ 'നിയുക്തി' മെഗാ ജോബ് ഫെയറുകൾ നടത്തി വരുന്നുണ്ട്. കൂടാതെ സ്വകാര്യ മേഖലയിലെ ഉദ്യോഗദായകരുമായി ബന്ധപ്പെട്ട് എംപ്ലോയബിലിറ്റി സെന്ററുകൾ, മോഡൽ കരിയർ സെന്ററുകൾ എന്നിവ വഴി ജോബ് ഡ്രൈവ്/പ്ലേസ്മെന്റ് ഡ്രൈവ്/ജോബ് ഫെയർ സംഘടിപ്പിച്ച് തൊഴിലവസരങ്ങൾ കണ്ടെത്തി തൊഴിലന്വേഷകർക്ക് ലഭ്യമാക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**